# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.117/PR/PIC/PHQ/18 Date : 08.05.2018

## സ്റ്റേഷനിൽ വരേണ്ടതില്ല, പോലീസ് സേവനങ്ങൾക്കുള്ള വെബ് പോർട്ടൽ 'തുണ' മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

പോലീസ് സേവനങ്ങൾക്ക് ഇനി കൂടുതൽ വേഗം. പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനുകളിലും മറ്റ് ഇതര പോലീസ് ഓഫീസുകളിലും നേരിട്ടെത്താതെ വിവിധ സേവനങ്ങൾ ഓൺലൈനായി ലഭിക്കുന്നതിനുമുള്ള പുതിയ സിറ്റിസൺ പോർട്ടൽ 'തുണ' യുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു.

'തുണ' (The Hand You Need for Assistance) സിറ്റിസൺ പോർട്ടൽ വഴി ഏതു സ്റ്റേഷനിലേക്കും ഓൺലൈനായി പരാതി സമർപ്പിക്കാനും ഓൺലൈനായി സമർപ്പിച്ച പരാതിയുടെ തൽസ്ഥിതി ഓൺലൈനായി തന്നെ അറിയാനും സാധിക്കും. പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ എഫ്.ഐ.ആർ. പകർപ്പ് ഓൺലൈനായി ലഭിക്കും. പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കാൻ കഴിയും. കാണാതായ വ്യക്തികളുടെ പേരുവിവരം ലഭിക്കാനും കാണാതായവരെക്കുറിച്ച് ലഭിക്കുന്ന വിവരങ്ങൾ ഓൺലൈനായി നല്കാനും കഴിയും. ഒരു വാഹനം എതെങ്കിലുമൊരു കുറ്റകൃത്യത്തിൽ ബന്ധപ്പെട്ടതാണോ എന്നതു പരിശോധിക്കാനും വാഹനങ്ങൾ കേസിൽ പെട്ടതല്ലെങ്കിൽ അതു സംബന്ധിച്ച എൻ.ഒ.സി. ലഭിക്കുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാൻ കഴിയും. സംശയകരമായ സാഹചര്യങ്ങളിൽ കാണപ്പെടുന്ന വസ്തുക്കൾ, വ്യക്തികൾ, സംഭവങ്ങൾ എന്നിവയെക്കുറിച്ച് പോലീസിന് രഹസ്യവിവരങ്ങൾ നൽകാനും പൊതുജനങ്ങൾക്കും ഇതുവഴി കഴിയും. സമ്മേളനങ്ങൾ, കലാപ്രകടനങ്ങൾ, സമരങ്ങൾ, ജാഥകൾ, പ്രചാരണ പരിപാടികൾ എന്നിവയ്ക്ക് പോലീസിന്റെ അനുവാദത്തിനായും ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. ഉച്ചഭാഷിണി പ്രവർത്തിപ്പിക്കാൻ അനുമതിക്കുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കാം. പോലീസിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കുവാനുള്ള സൗകര്യവുമുണ്ട്. എസ് എം എസ്. ഇമെയിൽ എന്നിവ വഴി പൊതുജനങ്ങൾക്ക് ജാഗ്രതാനിർദ്ദേശം നൽകാനും കഴിയും.

www.thuna.keralapolice.gov.in എന്ന വിലാസം ഉപയോഗിച്ച് തുണ വെബ്സൈറ്റിലെത്തി രജിസ്റ്റർ ചെയ്ത് ലോഗിൻ ചെയ്ത് ഈ സേവനങ്ങൾ ഉപയോഗപ്പെടുത്താം. പോലീസ് സ്റ്റേഷനുകളുൾപ്പെടെ

ഈ പോർട്ടൽ വഴി ലഭിക്കുന്ന പരാതികളും സേവനങ്ങൾക്കുള്ള അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുക വഴി ഇതിന്റെ ഫലപ്രാപ്തി വർധിപ്പിക്കണമെന്ന് ഉദ്ഘാടനവേളയിൽ മുഖ്യമന്ത്രി

നിർദേശിച്ചു.

കേരള പോലീസിനെ സാങ്കേതികവിദ്യയിൽ മുന്നിലെത്തിക്കുന്നതിനുള്ള പദ്ധതികളുടെ ഭാഗമാണ് ഈ സംവിധാനമെന്ന് ആമുഖപ്രഭാഷണം നടത്തിയ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ പറഞ്ഞു. സംസ്ഥാനത്തെ 661 ഓഫീസുകളുമായി ഈ സംവിധാനത്തെ ബന്ധപ്പെടുത്തിയിട്ടുണ്ടെന്ന് പദ്ധതിയുടെ നോഡൽ ഓഫീസർ കൂടിയായ എസ്.സി.ആർ.ബി. എഡിജിപി ടോമിൻ തച്ചങ്കരി പറഞ്ഞു.  എ.പി.ബറ്റാലിയൻ ഡി.ഐ.ജി. ഷെഫിൻ അഹമ്മദ് പദ്ധതി വിശദീകരണം നടത്തി.

വിജിലൻസ് ഡയറക്ടർ ഡോ. എൻ.സി. അസ്താന, ഡി.ജി.പി. എൻ.ശങ്കർ റെഡ്ഡി, എഡിജിപിമാരായ ടോമിൻ തച്ചങ്കരി, ഡോ.ബി.സന്ധ്യ, തിരുവന്തപുരം റെയ്ഞ്ച് ഐ.ജി. മനോജ് എബ്രഹാം, ക്രൈം ബ്രാഞ്ച് ഡി.ഐ.ജി. കെ സേതുരാമൻ, ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ആന്റ് ടെക്നോളജി എസ്.പി.ജെ.ജയനാഥ്, സിസ്റ്റം അനലിസ്റ്റ് മാത്യൂ സൈമൺ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

വലിയൊരു സാങ്കേതിക മുന്നേറ്റത്തിലാണ് കേരള പോലീസ്. പൊതുജനങ്ങൾക്ക് സുരക്ഷയ്ക്കായി ഉപയോഗിക്കാവുന്ന *രക്ഷ, സിറ്റിസൺ സേഫ്ടി* തുടങ്ങി നിരവധി മൊബൈൽ ആപ്ലിക്കേഷനുകൾ, സി.സി.ടി.എൻ.എസ്. സംവിധാനം, സൈബർ നിരീക്ഷണത്തിനുള്ള സൈബർഡോം, ഡിജിറ്റൽ ഫോറൻസിക് സംവിധാനങ്ങൾ, ഓഫീസ് സേവനങ്ങളുടെ കംപ്യൂട്ടർവത്കരണം, ജില്ലകൾക്കുൾപ്പെടെ ആധുനിക വെബ്സൈറ്റ്, ഫോട്ടോ ആർക്കൈവ് ഇങ്ങനെ നിരവധി കാര്യങ്ങൾ ഇതിനകം നടപ്പാക്കിക്കഴിഞ്ഞു. ഇനിയും നിരവധി കാര്യങ്ങൾ നടപ്പിലാക്കൽ ഘട്ടത്തിലാണ്. ഇന്ത്യയിലെ ഏറ്റവും ആധുനികമായ സേനയായി കേരള പോലീസിനെ മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഈ  പ്രവർത്തനങ്ങൾ സർക്കാരും പോലീസ്  ആവിഷ്കരിച്ചിട്ടുള്ളത്.

************************************************